# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 4 - 252/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 04/04/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 4 - 252/2022 തീയ്യതി: 04/04/2022

## പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 24-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 24-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.എം.ഹരികുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനിമോൾ ജോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീ മാത്തൻ ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബിനോയി എം.ജി. | സെക്രട്ടറി | 01-04-2020 | 24-05-2020 |
| ശ്രീ പി.കെ. രാജേന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 25-05-2020 | 30-06-2020 |
| ശ്രീ ബിനോയി എം.ജി. | സെക്രട്ടറി | 01-07-2020 | 26-08-2020 |
| ശ്രീമതി റിമോള എം. | സെക്രട്ടറി | 27-08-2020 | 02-02-2021 |
| ശ്രീ എസ് വിജയ് | സെക്രട്ടറി | 03-02-2021 | 05-02-2021 |
| ശ്രീ ജോസ് ഈപ്പൻ | സെക്രട്ടറി | 06-02-2021 | 31-03-2021 |
| ശ്രീ മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-11-2020 |
| ശ്രീ നിസാം ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-11-2020 | 31-03-2021 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2020 | 06-10-2020 |
| ശ്രീമതി ആൻസി | കൃഷി ഓഫീസർ | 07-10-2020 | 02-02-2021 |
| ശ്രീ ഷെയ്സ് എസ് | കൃഷി ഓഫീസർ | 03-02-2021 | 09-02-2021 |
| ശ്രീ സുജിത്ത് എസ് എസ് | കൃഷി ഓഫീസർ | 10-02-2021 | 31-03-2021 |
| ഡോ.ജിസ്മേരി | മെഡിക്കൽ ഓഫീസർ (ISM) | 01-04-2020 | 10-11-2021 |
| ഡോ.ഗോപിക എസ് | മെഡിക്കൽ ഓഫീസർ (ISM) | 11-11-2020 | 31-03-2021 |
| ഡോ.ജോൺ പി.ജേക്കബ്ബ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-08-2020 |
| ഡോ.ഷംല | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-09-2020 | 29-12-2020 |
| ഡോ.ജയചന്ദ്രൻ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.പ്രീത സി പിള്ള | വെറ്ററിനറി സർജൻ | 01-04-2020 | 11-09-2020 |
| റൂൺ മറിയം മത്തായി | വെറ്ററിനറി സർജൻ | 11-09-2020 | 31-03-2021 |
| ഡോ.സുനിതകുമാരി ആർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 17-02-2021 |
| ഡോ.ബിംബി ഹരിഹരദാസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 18-02-2021 | 31-03-2021 |
| ശ്രീമതി ഗിരിജകുമാരി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-11-2020 |
| ശ്രീ മനു ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2020 | 10-02-2021 |
| ശ്രീ ഷാനവാസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-02-2021 | 31-03-2021 |
| ശ്രീ സജി മാത്യു | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ രാജേന്ദ്രൻ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ അലി അക്ബർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദുദേവി ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 10-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-10 |
| 12 | മരാമത്ത് പ്രവ‍ൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല<br>Written By: C. Anilkumar (Audit Officer, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-11 |
| 13 | രസീതു മുഖേനയുള്ള പണം പിരിവ്, പണം ഒടുക്ക് എന്നിവയുടെ പരിശോധന – ഓഫീസ് തലത്തിൽ മേൽനോട്ടം നടത്തുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-03-2022) | 1-12 |
| 14 | തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-13 |
| 15 | വാടക വരവ് - അപാകങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-14 |
| 16 | ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-15 |
| 17 | കെട്ടിടത്തിന് അനർഹമായി നികുതി ഇളവ് നൽകി | 1-16 |

| | | |
|---|---|---|
| | Written By: Asha M Kuruvilla (Auditor, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-17 |
| 19 | കെ.യു.ആർ.ഡി.എഫ്.സി. വായ്പ- അധികം തുക തിരികെ ഈടാക്കി<br>Written By: M Harikumar (Asst. Audit Officer, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-18 |
| 20 | ABC പ്രോഗ്രാം - നടത്തിപ്പിൽ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-19 |
| 21 | സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-20 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല- പെൻഷൻ തുക അനർഹർ കൈപ്പറ്റുന്നു<br>Written By: Asha M Kuruvilla (Auditor, On 25-02-2022)<br>Last Updated By: Johncy John (Computer Assistant, On 04-04-2022) | 1-21 |
| 23 | ബാരൽ വില,ചരക്ക് സേവന നികുതി എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു.<br>Written By: C. Anilkumar (Audit Officer, On 26-02-2022)<br>Last Updated By: C. Anilkumar (Audit Officer, On 25-03-2022) | 1-22 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-23 |
| 25 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-24 |
| 26 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 04-04-2022) | 1-25 |
| 27 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം<br>Written By: M Harikumar (Asst. Audit Officer, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-26 |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-27 |
| 29 | സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ല<br>Written By: Asha M Kuruvilla (Auditor, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 04-04-2022) | 1-28 |
| 30 | സിഡിഎസിനു തുക കൈമാറിയെങ്കിലും ബാലസഭാ പ്രവർത്തനം നടത്തിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-29 |

| | | |
|---|---|---|
| 31 | സഞ്ചയയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 18-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 18-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 04-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 20-02-2021-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി 3: Capital Contribution - മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ് – റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 37,201 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

3. ഷെഡ്യൂൾ ബി5: Secured Loan From KURDFC - ലോൺ തുകയായ 4,89,719 രൂപയിൽ 2020-21 സാമ്പത്തിക വർഷം വരെ 5,28,000 രൂപ സ്രോതസ്സിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ലോൺ അക്കൗണ്ടിൽ തിരിച്ചടച്ച തുക അക്കൗണ്ട് ചെയ്തിട്ടില്ല. വാർഷിക കണക്കിൽ നിലവിൽ നീക്കിയിരിപ്പ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4. വസ്തു നികുതി - ഡിമാന്റ്, കളക്ഷന്, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

5 വാടക - വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ 9,860 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

6. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 48,66,000.00

Depoist With KSEB - Rs.45,74551.00

7.ഷെഡ്യൂൾ I-6 & I-14(a): MG-NREGA-ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. ഷെഡ്യൂൾ ബി4: Contributions For Joint Venture Projects-from Block Panchayat - നീക്കിയിരിപ്പ് തുകയുടെ കൃത്യത സംബന്ധിച്ച് വ്യക്തമായ കണക്കില്ല.

9. ഷെഡ്യൂൾ ബി4: Contributions For Joint Venture Projects-from District Panchayat - നീക്കിയിരിപ്പ് തുകയുടെ കൃത്യത സംബന്ധിച്ച് വ്യക്തമായ കണക്കില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,38,50,980 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,56,19,522 |
| ആകെ വരവ് | 9,94,70,502 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,15,05,964 |
| നീക്കിയിരിപ്പ് | 2,79,64,538 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ഇല്ല | 19263000 | 19263000 | 17671914 | -- | 1591086 |
| വികസന ഫണ്ട് – എസ്.സി.പി | „ | 6099000 | 6099000 | 2071885 | -- | 4027115 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ടി.എസ്.പി | ,, | 78000 | 78000 | -- | -- | 78000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 5010000 | 5010000 | 2024000 | -- | 2986000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 7241401 | 7241401 | 5374194 | -- | 1867207 |
| മെയിന്റനൻസ്, റോഡ് | ,, | 11552000 | 11552000 | 9127598 | -- | 2424402 |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 3678000 | 3678000 | 2335898 | -- | 1342102 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 22181 | 610 | 22791 | -- | -- | 22791 |
| ശുചിത്വ മിഷൻ | 1927904 | 2157624 | 4085528 | 654957 | -- | 3430571 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1561058 | 564169 | 2125227 | 547755 | -- | 1577472 |
| എം.ജി.എൻ. ആർ.ജി.എസ് | 778881 | 386677 | 1165558 | 1146291 | -- | 19267 |
| പൈക്ക | 101992 | -- | 101992 | -- | -- | 101992 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 278157 | -- |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി അധിക വേതനം | 1051200 | -- |
| വികസന ഫണ്ട് - എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 43961 | -- |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 37201 | 37201 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 212 | 110236837 | 148 | 51809261 | 64 | 69.81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 85201 | 1732964 | 1818165 | 1039284 | 778881 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 17822699 | 17822699 | 17822699 | 0 |
| ആകെ | 85201 | 19555663 | 19640864 | 18861983 | 778881 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 99,50,800 | 684 |
| വിധവാപെൻഷൻ | 1,09,18,800 | 730 |
| വാർദ്ധക്യകാല പെൻഷൻ | 2,39,80,000 | 1795 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 37,03,300 | 256 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 4,46,500 | 32 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2022 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,959 (പതിനയ്യായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപത്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന കാര്യങ്ങളിൽ പോരായ്മ കാണുന്നു.

(1) സംയുക്ത പരിശോധന

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തതിനാൽ ഉപയോഗ യോഗ്യമല്ലാത്ത വാട്ടർ ടാപ്പുകൾക്കും വാട്ടർ ചാർജ് ഒടുക്കേണ്ടി വരുന്നു. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(2) കരാർ ചമയ്ക്കൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2017 വരെ | 2012-13 മുതൽ 2016-17 വരെ | 31-10-2017 |
| പെർഫോമൻസ് ഓഡിറ്റ് | 21-10-2019 മുതൽ 23-10-2019 വരെ | 04/2019 മുതൽ 09/2019 വരെ | 23-10-2019 |

## 1-11 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ.(സാധാ)നമ്പർ.3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. 27-08-19 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 14(1) തീരുമാനത്തിൽ പ്രസ്തുത ആവശ്യത്തിലേക്കായി തിരുവല്ല എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി തീരുമാനിച്ചിട്ടുണ്ട്. പെരിങ്ങര ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ലായെന്നും ആയതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (1/08-02-22) അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകി. ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം മുതലാണ് ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർഷം മുതൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ |
|---|---|---|
| 2015-16 | 2 | 12000 |
| 2016-17 | 0 | 0 |
| 2017-18 | 0 | 0 |
| 2018-19 | 0 | 0 |
| 2019-20 | 6 | 29238 |
| 2020-21 | 19 | 43758 |
| ആകെ | 27 | 84996 |

നാളിതുവരെ ഒടുക്കിയിട്ടുള്ള തുകയിൽ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 രസീതു മുഖേനയുള്ള പണം പിരിവ്, പണം ഒടുക്ക് എന്നിവയുടെ പരിശോധന – ഓഫീസ് തലത്തിൽ മേൽനോട്ടം നടത്തുന്നില്ല

രസീത് പ്രകാരമുള്ള പ്രതിദിന കളക്ഷൻ തുകകൾ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ ചേർക്കുന്നതും തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്നതും സംബന്ധിച്ച് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ലായെന്ന് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഔട്ട്ഡോർ കളക്ഷൻ രസീത്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. ഒരു ദിവസത്തെ വിവിധ രസീതുതുകകളുടെ ആകെ തുക കൃത്യമാണോയെന്നോ ഈ തുകകൾ ആ ദിവസമോ തൊട്ടടുത്ത ദിവസം തന്നെയോ സാംഖ്യ രസീത് പ്രകാരം പോസ്റ്റ് ചെയ്യുന്നുണ്ടെയെന്നോ പരിശോധിക്കപ്പെടുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 19(1) പ്രകാരം എല്ലാ പണമിടപാടുകളും അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരു ഉദ്യോഗസ്ഥന്റേയും ഉത്തരവാദിത്ത്വത്തിൽ നടന്ന ഏത് പണമിടപാടും, യാതൊരു വീഴ്ചയുമില്ലാതെ, അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പല രജിസ്റ്ററിലും അതാത് ദിവസത്തെ കളക്ഷൻ തുകകൾ അടവാക്കിയതിന്റെ സാംഖ്യ രസീത് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കാത്തതിനാൽ ഇവ അടവാക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഉദാഹരണമായി രസീത് നം. 31194 പ്രകാരമുള്ള രസീതുകളുടെ 18.02.20, 25.02.2020, 27.02.2020, 04.04.2020, 05.03.2020, 06.03.2020,09.03.2020, 11.03.2020, 12.03.2020, 20.03.220എന്നീ

തീയതികളിലെ പ്രതിദിന കളക്ഷൻ ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്നതിന്റെ സാംഖ്യ രസീത് കളക്ഷൻ രജിസ്റ്ററിൽ ചേർത്തു വയ്ക്കാത്തതിനാൽ ആ ദിവസങ്ങളിലെ കളക്ഷൻ തുകകൾ അടവാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഔട്ട്ഡോർ കളക്ഷൻ രസീത്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ച് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്താത്തതിന്റെ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/14.02.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇവ കൃത്യമായി പരിശോധിക്കുന്നുണ്ടെന്നും ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ലായെന്നും എന്നാൽ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്താൻ വിട്ടുപോയതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

ഔട്ട്ഡോർ കളക്ഷൻ രസീത്, കളക്ഷൻ രജിസ്റ്റർ എന്നിവ പ്രകാരമുള്ള പരാമർശിച്ചിരിക്കുന്ന അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ

2020-21 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി പിരിവ് സംബന്ധമായ രേഖകളുടെ സൂക്ഷിപ്പ് വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.3/09.02.2022) മറുപടിയിൽ, സെക്രട്ടറി ഇപ്രകാരം രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കി.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും കൈവശക്കാരനോടും നികുതിയ്ക്ക് വിധേയരായവരുടെ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് 205 C പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു തൊഴിലുടമയോടും അയാളുടെയും അവിടെ തൊഴിലെടുക്കുന്ന എല്ലാവരുടെയും വിവരങ്ങളടങ്ങിയ ലിസ്റ്റ് ജീവനക്കാരുടെ ശമ്പള/വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205 ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ ക്ഷീരസംഘങ്ങൾ അക്ഷയകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള ക്ഷീരസംഘങ്ങളിലെയും (ആലംതുരുത്തി KUCS, മേപ്രാൽ KUCS, ചാത്തങ്കേരി KUCS) 12 റേഷൻ കടകളിലെയും 2 അക്ഷയകേന്ദ്രങ്ങളിലെയും ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലേക്കായി ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്ന കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേരു വിവരങ്ങൾ |
|---|---|

| | |
|---|---|
| 1. | അബ്രഹാം വർഗ്ഗീസ് |
| 2. | അനിൽ വി. വർഗ്ഗീസ് |
| 3. | കെ.പി.ജോൺ |
| 4. | ജോസഫ് ജോർജ്ജ് |
| 5. | ബിനോയ് വി.പി. |
| 6. | ബിനിൽ റ്റി. |
| 7. | സജിത്ത് |
| 8. | മൺസൺ ഐസക്ക് |
| 9. | സി.വി. മാത്യൂ |
| 10. | യോഹന്നാൻ പി. സി. |
| 11. | സഞ്ചു ജി. |

(ഡി) തൊഴിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ തൊഴിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പിരിവ് പോലും പൂർണമല്ല. സാമ്പത്തിക വർഷം 226 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നാൽ, ഓഡിറ്റ് വർഷം 62 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ തന്നെ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, പെരിങ്ങര | അടവാക്കിയിട്ടില്ല | 4 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹4250) |
| 2. | പോസ്റ്റ് ഓഫീസ്, ആലംതുരുത്തി | അടവാക്കിയിട്ടില്ല | 2 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹1500) |
| 3. | എസ്.എസ്. ഹ്യൂണ്ടായി | 7 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹4100) | അടവാക്കിയിട്ടില്ല |
| 4. | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | 2 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹600) | അടവാക്കിയിട്ടില്ല |
| 5. | മഹീന്ദ്രാ മോട്ടേഴ്സ് | 4 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹1950) | അടവാക്കിയിട്ടില്ല |

ഇപ്രകാരം മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനെ തുടർന്ന് പോസ്റ്റ് ഓഫീസ്, പെരിങ്ങരയിലെ 2 ജീവനക്കാരുടെയും തൊഴിൽ നികുതി 1850 രൂപ രസീത് നം.121010105734 പ്രകാരം 22.02.2022-ൽ അടവാക്കി. മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കാമെന്നുമുള്ള വിവരമാണ് നൽകിയിരിക്കുന്നത്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തി/സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള കുട്ടമ്മേൽ ഭഗവതിക്ഷേത്രം, കാരയ്ക്കൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതാണ്. എന്നാൽ ക്ഷേത്രത്തിലെ ജീവനക്കാരുടെ വിവരങ്ങൾ നിലവിൽ ഓഫീസിൽ ലഭ്യമല്ലെന്നുമുള്ള വിവരങ്ങളാണ് ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.3/09.02.2022) മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇതിൽ നിന്നും പ്രസ്തുത ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ കരം പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-14 വാടക വരവ് - അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്ത് വകയായി ഒരു കമ്മ്യൂണിറ്റി ഹാളും ഷോപ്പിംഗ് കോംപ്ലക്സിലെ 5 കടമുറികളും ഉണ്ട്. എന്നാൽ 2019-20, 2020-21 കാലയളവിൽ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടക വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത എന്നിവ ചോദ്യം ചെയ്യപ്പെടാവുന്നതാണ്.
2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും 3% വിധവകൾക്കും സംവരണം ചെയ്ത് നൽകേണ്ടതാണ്. ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അപേക്ഷകളൊന്നും ഇല്ലാത്തപക്ഷം മാത്രമേ മറ്റ് വിഭാഗക്കാർക്ക് അനുവദിച്ച് നൽകാവൂ. അവസാനമായി കടമുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശത്തിനായി ലേലം നടന്നത് 2010-11 വർഷത്തിലാണ്. അതിനാൽ തന്നെ സംവരണ വ്യവസ്ഥകൾവച്ച് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലാന്ന് വ്യക്തം. ഈ കാലയളവിൽ ഒരു കടമുറി പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാൾ ഉപയോഗിച്ചിരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
3. നിലവിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികളിൽ 2 എണ്ണത്തിൽ നിന്ന് മാത്രമാണ് ഡിപ്പോസിറ്റ് തുക ഈടാക്കിയിട്ടുള്ളത്. മറ്റ് കടമുറികളിൽ നിന്നും ഡിപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.
4. വാടക രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷാവസാനവും എഴുതി സൂക്ഷിക്കേണ്ട സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. (Arrear, Demand, Collection, Balance) ഇപ്രകാരം എഴുതി സൂക്ഷിക്കാത്തതിനാൽ, മുൻ വർഷങ്ങളിലെ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വാടകയെ സംബന്ധിച്ചുള്ള യാതൊരു വിവരവും മനസ്സിലാക്കുന്നതിന് കഴിയുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ :

1. പഞ്ചായത്ത് വക കടമുറികളുടെയും കമ്മ്യൂണിറ്റി ഹാളിന്റെയും വാടക നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക കടമുറികൾ വ്യക്തികൾക്ക് നൽകേണ്ടതുമാണ്.
2. വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമാക്കുവാനും രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷാവസാനവും സംക്ഷിപ്തം എഴുതി സൂക്ഷിക്കുവാനും (Arrear, Demand, Collection, Balance) ശ്രദ്ധിക്കേണ്ടതാണ്. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-15 ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചു; പഞ്ചായത്തിനു വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, വസ്തുനികുതി ചട്ടങ്ങൾ പാലിക്കാതെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു നികുതി നഷ്ടമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ (₹70/m2) നികുതി നിർണ്ണയിക്കുന്നതിനു പകരം 100ച.മീറ്ററിൽ കുറവുള്ളവയ്ക്ക് ബാധകമായ നിരക്കിൽ (₹60/m2) നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ചുവടെ പറയും പ്രകാരം നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

| ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ/ മേഖല | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി [(@70/m2), റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ്, 5% L.C., 13% സേവന ഉപനികുതി ഉൾപ്പെടെ ] | ഈടാക്കിയ നികുതി [(@60/m2) ഇളവുകളും വർദ്ധനവും ഉൾപ്പെടെ ] | കുറവ് |
|---|---|---|---|---|---|
| തോമസ് വർഗ്ഗീസ് & മോളി മാതൃ, പള്ളിച്ചിറ വീട്, ചെറുകുന്ന്, ചങ്ങനാശ്ശേരി. | V/302C പ്രാഥമികം | 139.4 | 13817 | 11945 | 1872 |

2. 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ (₹90/m2) നികുതി നിർണ്ണയിക്കുന്നതിനു പകരം 200ച.മീറ്റർ വരെയുള്ളവയ്ക്ക് ബാധകമായ നിരക്കിൽ (₹60/m2) നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ചുവടെ പറയും പ്രകാരം നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

| ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ/ മേഖല | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി [(@90/m2), റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ്, മേൽക്കൂരയുടെ അടിസ്ഥാനത്തിൽ10%ഇളവ്, 5% L.C., 13% സേവന ഉപനികുതി ഉൾപ്പെടെ] | ഈടാക്കിയ നികുതി [(@60/m2) ഇളവുകളും വർദ്ധനവും ഉൾപ്പെടെ] | കുറവ് |
|---|---|---|---|---|---|
| സുധ.എസ്. (ശിവശൈലം, പെരുന്തുരുത്തി) | VI/311A പ്രാഥമികം | 333 | 38901 | 25935 | 12966 |

പട്ടികകളിൽ പരാമർശിക്കും പ്രകാരം ചട്ട പ്രകാരം ബാധകമായ നിരക്കിൽ (₹70/$m^2$) നികുതി നിർണ്ണയിക്കുന്നതിനു പകരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 23/23.02.2020), കെട്ടിടം അസസ്സ് ചെയ്ത വർഷം മുതലുള്ള നികുതി പുനർനിർണ്ണയിച്ച് ഉടമകളിൽ നിന്ന് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 കെട്ടിടത്തിന് അനർഹമായി നികുതി ഇളവ് നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് [നികുതു, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കൽ] പ്രകാരം ചില കെട്ടിടങ്ങളെയും ഭൂമികളെയും 203-ാം വകുപ്പ പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള കെട്ടിടത്തെ ഇതിൽ ഏത് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയാണ് നികുതി ഒഴിവാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല.

| കെട്ടിട ഉടമയുടെ മേൽവിലാസം | കെട്ടിടത്തിന്റെ വിവരം | വാർഡ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം |
|---|---|---|---|---|
| എ.കെ.ജി സ്മാരകം | പാർട്ടി ഓഫീസ് | XI | 227 | 31 ച.മീ. |

ഇപ്രകാരം മേൽ പറഞ്ഞിരിക്കുന്നകെട്ടിടത്തിനെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21/23.02.2022) നൽകിയ മറുപടിയിൽ എ.കെ.ജി സ്മാരകം, പാർട്ടി ഓഫീസ് 11/227- ടി കെട്ടിടത്തിന് നിയമാനുസൃതമായ രീതിയിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. 2018-19-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.2-2-ൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും ഇതിന്മേൽ യാതൊരു തുടർ നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഇത്തരം വിഷയങ്ങളിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അതീവ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിൽ ഫാക്ടറികൾക്കും, വ്യവസായങ്ങൾക്കും, വ്യവസായ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232-ൽ ടി സ്ഥാപനങ്ങളെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ 2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നതിന് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം.80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കി ലൈസൻസ് നൽകുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

2.പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണം, ഉറവിട മാലിന്യ സംസ്കരണം എന്നിവ ഉറപ്പാക്കുന്നില്ല.

പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ 2016 പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങുന്നുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല. (സർക്കുലർ നം.576/ഡിസി 1/16/തസ്വഭവ തീയതി 24-09-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.)

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് 22-7-2017-ലെ നം.2511/2017/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അനുവദിക്കുമ്പോൾ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. തുടർ വർഷങ്ങളിൽ പുതുതായി ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല

വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം 226 സ്ഥാപനങ്ങളാണ് ലൈസൻസിന് അപേക്ഷ നൽകിയത്. ലൈസൻസ് ഫീ ഇനത്തിൽ 3, 79, 930 രൂപയുടെ വരവും ഉണ്ട്. 2019-20 വർഷം 308 സ്ഥാപനങ്ങൾ ലൈസൽസ് എടുത്തിരുന്നു. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. ഇത് ശരിയായ പ്രവണതയല്ല. കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ

ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-18 കെ.യു.ആർ.ഡി.എഫ്.സി. വായ്പ- അധികം തുക തിരികെ ഈടാക്കി

ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 4,89,719 രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ തിരിച്ചടവിലേക്ക് 6,60,000 രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യുക ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഉത്തരവ് നം./തീയതി | ഈടാക്കിയ തുക |
|---|---|---|
| 2019-20 | 6105/2019 01-08-2019 | 102941 |
| 2019-20 | 10050/2019 21-12-2019 | 102941 |
| 2020-21 | 4461/2020 03-08-2020 | 161059 |
| 2020-21 | 43/2020 01-01-2021 | 161059 |
| 2021-22 | 5206/2021 30-07-2021 | 132000 |
| | ആകെ | 660000 |

അധികമായി ഈടാക്കിയ 1,70,281 തുക തിരികെ ലഭിക്കുന്നതിനും തുടർന്ന് റിക്കവറി ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ABC പ്രോഗ്രാം - നടത്തിപ്പിൽ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ആനിമൽ ബർത്ത് കൺട്രോള് പ്രോഗ്രാം (എസ്.0012/21) എന്ന പ്രോജക്ട് പ്രകാരം 1,00,000 രൂപ (വികസന ഫണ്ട് (ജനറൽ) - ബിൽ നം. 20050752007600556829/25.9.2021) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പ്രോജക്ടിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടുംബശ്രീ മിഷന് നൽകിയ തുക | വിനിയോഗിച്ച തുക |
|---|---|---|

| | | |
|---|---|---|
| 2019-20-ലെ ബാലൻസ് തുക | 3900 | 98700 |
| 2020-21 ഗ്രാമപഞ്ചായത്ത് വിഹിതം | 1,00,000 | |
| ആകെ | 103900 | 98700 |

1813/P2/2017/Kshree Pta/27.4.2021 നമ്പർ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 2020-21 വർഷം 47 നായ്ക്കളെ പഞ്ചായത്ത് പരിധിയിൽ നിന്നും പിടിച്ച് വന്ധ്യംകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 98700 രൂപ ചെലവഴിച്ചിട്ടുണ്ട്. 5,200 രൂപ കുടുംബശ്രീ മിഷനിൽ അവശേഷിക്കുന്നുമുണ്ട്. പ്രസ്തുത കണക്കുകൾ സംബന്ധിച്ച് പഞ്ചായത്തിൽ രേഖകൾ ഒന്നും തന്നെയില്ല. കണക്കിന്റെ ആധികാരികത വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തുകയോ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ച പ്രകാരം കുടുംബശ്രീ മുഖേന (സി.ഡി.എസ്) സോഷ്യൽ ഓഡിറ്റ് നടത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2020-21 തീയതി: 16-02-2022) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കുകയുണ്ടായി. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കേണ്ടതും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കേണ്ടതും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6(1) ചട്ടം പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. വർഷാവർഷം തുക നൽകുന്നതിനപ്പുറം പ്രോജക്റ്റിന്റെ മോണിട്ടറിംഗ് പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. കുടുംബശ്രീയുടെ ജില്ലാ മിഷനാണ് പ്രോജക്റ്റിന്റെ നിർവ്വഹണമെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-20 സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ചതിനുശേഷം ഗുണഭോക്താക്കൾക്കുള്ള സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.)നം.80/2017/തസ്വഭവ, തീ.03.04.2017] ഖണ്ഡിക നം.2.2.8 നിഷ്കർഷിക്കുന്നു. എന്നാൽ 2020-21 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ 'കറവ പശുക്കൾക്ക് കാലിത്തീറ്റ' (77/21) എന്ന പദ്ധതി പ്രകാരമുള്ള സബ്സിഡിത്തുകയായ 3,00,000 രൂപ, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനുപകരം മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.7/10.02.2022) അഞ്ച് പഞ്ചായത്തുകളുടെ ചുമതല ഉണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന് ഒരേ സമയം പദ്ധതി നടപ്പിലാക്കേണ്ടതിനാലും വകുപ്പിലെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഇതോടൊപ്പം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാലുമാണ് ഇപ്രകാരം ചെയ്തതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബാങ്ക് അക്കൗണ്ടുവഴിയുള്ള സബ്സിഡി വിതരണത്തിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.08.2020-ലെ സ.ഉ.(സാധാ) നം.1466/2020 തസ്വഭവ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ക്ഷീരസംഘങ്ങൾ വഴി തന്നെ നടത്താവുന്നതാണ്. തുടർ വർഷങ്ങളിൽ ക്ഷീരകർഷകന്, ക്ഷീരസംഘങ്ങളിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റയുടെ രസീത് സമർപ്പിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ആനുകൂല്യം നേരിട്ട് കൈമാറുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല- പെൻഷൻ തുക അനർഹർ കൈപ്പറ്റുന്നു

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച ഡേറ്റ ബേസ് പരിശോധിച്ചതിൽ, മരണശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തി. 2020-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും, ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതുമായ ഏതാനും ഗുണഭോക്താക്കളുടെ വിശദാംശമാണ് പരിശോധിച്ചത്. പരിമിതമായ സമയത്തിനുള്ളിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ചെല്ലമ്മ തുണ്ടിയിൽ | വാർദ്ധക്യകാലം | 103830200057 | 21.04.2021 | 5/2021-01/2022 | 14,400 |
| 2 | അമ്മുക്കുട്ടി വർഗ്ഗീസ് കൈതക്കാട്ട് (H) | ” | 103830200212 | 19.04.2021 | 05/2021-01/2021 | 14,400 |
| 3 | തോമസ് മുണ്ടകത്തിൽ | ” | 103830201148 | 29.04.2021 | 05/2021-01/2021 | 14,400 |
| 4 | കൃഷ്ണൻകുട്ടി K.P. കൃഷ്ണനിവാസ് | ” | 103830201812 | 16.05.2021 | 06/2021-01/2021 | 7x600+1600 = 5800 |
| 5 | തോമസ് വർഗ്ഗീസ് കിഴക്കേടത്ത് (H) | ” | 103830200324 | 30.04.2021 | 05/2021-01/2021 | 14,400 |
| 6 | കുട്ടി തങ്കപ്പൻ കൊന്നംപറമ്പിൽ (H) | ” | 103830100765 | 08.06.2021 | 07/2021-01/2022 | 11,200 |
| 7 | തോമസ്സ് P.C. | ” | 103830100765 | 23.05..2021 | 06/2021-01/2022 | 12,800 |
| 8 | പ്രഭാകരൻ P.K. | ” | 103830201309 | 29.04.2021 | 05/2021-01/2022 | 14,400 |
| 9 | ജോൺ ജോസ് | ” | 103830201471 | 09.07.2021 | 08/2021-01/2022 | 6,600 |
| 10 | ജോർജ്ജ് T.V. ആലഞ്ചേരി (H) | ” | 103830100883 | 25.05.2021 | 06-2021-01/2022 | 12,800 |
| 11 | സാറാമ്മ ചാക്കോ ചൂരക്കാട്ടിൽ (H) | ” | 103830100236 | 17.04.2021 | 05/2021-01/2022 | 14,400 |

ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്കാണ് ഇത്തരത്തിൽ അനർഹമായി തുക ലഭിച്ചത്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. ഇത്തരത്തിൽ അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. സഹകരണ ബാങ്ക് മുഖേന ഡയറക്റ്റ് ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ഇക്കാര്യം ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യുന്നില്ല. ഇതുമൂലം സർക്കാർ ഫണ്ടിൽ നിന്നും തുക സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് ഇടയാകുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക/ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക |
|---|---|---|---|---|---|---|
| 1 | K. C. ഫിലിപ്പ് കുറ്റിക്കാട്ടിൽ (H) | ” | 103830200189 | 02.05.2021 | 06/2021-01/2021 | 12,800 |
| 2 | ഈശോ മാത്തൻ ഭാനുപുരം പുത്തൻവീട് | കർഷകതൊഴിലാളി പെൻഷൻ | 103830100473 | 17.07.2021 | 08/2021-01/2022 | 9,600 |
| 3 | പുഷ്പാംഗതൻ പാതിരുവേലിൽ | ” | 103830100648 | 11.05.2021 | 06-2021-01/2022 | 12,800 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കുട്ടി തങ്കപ്പൻ കൊന്നംപറമ്പിൽ (H) | ” | 103830100765 | 08.06.2021 | 07/2021-01/2022 | 11,200 |
| 5 | നാരായണിയമ്മ പുത്തൻപുരയിൽ | ” | 103830100449 | 18.02.2021 | 03/2021-01/2022 | 17,600 |
| 6 | ശാമുവൽ ഇസാക്ക് പുളിക്കശ്ശേരിൽ | ” | 103830100288 | 16.07.2021 | 08/2021-01/2022 | 9,600 |
| 7 | കമലമ്മ തങ്കപ്പൻ ആശാരിപറമ്പിൽ | ” | 103830100713 | 18.03.2021 | 04/2021-01/2022 | 16,000 |
| 8 | തോമസ് ആന്റണി പുതുപ്പറമ്പിൽ (H) | ” | 103830201604 | 24.02.2021 | 03/2021-01/2022 | 17,600 |

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മരണമടയുന്നവരുടെ വിവരങ്ങൾ അതത് വാർഡ് മെമ്പർമാർ വഴി എല്ലാ മാസവും ശേഖരിക്കുകയും ആയതിൽ പരിശോധന നടത്തി സേവന സോഫ്റ്റ് വെയറിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താനും ശ്രദ്ധിക്കേണ്ടതും. പെൻഷനറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതിയിൽ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഉണ്ടാക്കേണ്ടതുമാണ്. പഞ്ചായത്തധികൃതരുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ബാരൽ വില,ചരക്ക് സേവന നികുതി എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | പ്ലാംപള്ളിൽ പടി – കോലം കണ്ണ്ചത്തിൽപ്പടി റോഡ് റീടാറിംഗ് & കോൺക്രീറ്റിംഗ് (50/20, 141/21)<br>അടങ്കൽ : 373000 (MG Road)<br>കരാറുകാരൻ : ബിനോയ്.V.P<br>ഫൈനൽ ബിൽ തുക : 361657<br>ബിൽ നം./തീയതി : 20050752008500077935/18-04-20 | 14 | 3332 | 600 |
| 2. | പള്ളിപ്പടി കാരയ്ക്കൽ കരയോഗ മന്ദിരം റോഡ് റീടാറിംഗ് (54/20, 143/21)<br>അടങ്കൽ തുക: 300000 (CFC)<br>കരാറുകാരൻ : ബിനോയ്.V.P<br>ഫൈനൽ ബിൽ നം./തീയതി/തുക: | 14 | 3332 | 600 |

| | | | | |
|---|---|---|---|---|
| | 20050752008500650014/24-10-20/<br>253056 | | | |
| 3 | കുരുക്കൾ മഠം കോതേക്കാട്ട് പാലം റോഡ് മെറ്റലിംഗ് & ടാറിംഗ് (35/20, 135/21)<br>അടങ്കൽ തുക: 252000 (MG Road)<br>കരാറുകാരൻ : സജീവ്.ആർ.നായർ<br>ഫൈനൽ ബിൽ നം./തീയതി/തുക:<br>20050752008500077936/18-04-20/<br>251881 | 8 | 1904 | 343 |
| 4 | ശ്മശാനം ചക്കച്ചേരിപ്പടി റോഡ് റീടാറിംഗ് (47/20, 122/21)<br>അടങ്കൽ തുക: 146000 (MG Road)<br>കരാറുകാരൻ : സജീവ്.ആർ.നായർ<br>ഫൈനൽ ബിൽ നം./തീയതി/തുക:<br>20050752008500037667/11-04-20/<br>145888 | 9 | 2142 | 386 |
| 5 | കിഴക്കേതിൽ ഉണ്ടിൽപ്പടി റോഡ് റീടാറിംഗ് (36/20, 116/21)<br>അടങ്കൽ തുക: 120000 (MG Road)<br>കരാറുകാരൻ : സജീവ്.ആർ.നായർ<br>ഫൈനൽ ബിൽ നം./തീയതി/തുക:<br>20050752008500037666/11-04-20/<br>119837 | 7 | 1666 | 300 |
| 6 | മഠത്തിലോട്ട്പടി - പെരുമ്പ്രാൽപടി റോഡ് റീടാറിംഗ് (37/20, 117/21)<br>അടങ്കൽ തുക: 240750 (MG Road)<br>കരാറുകാരൻ : സജീവ്.ആർ.നായർ<br>ഫൈനൽ ബിൽ നം./തീയതി/തുക:<br>20050752008500040083/11-04-20/<br>240454 | 12 | 2856 | 514 |
| 7 | ചാത്തങ്കരി - കോച്ചാരിമുക്ക് റോഡ് റീടാറിംഗ് (46/20, 121/21)<br>അടങ്കൽ തുക: 200000 (MG Road)<br>കരാറുകാരൻ : സജീവ്.ആർ.നായർ<br>ഫൈനൽ ബിൽ നം./തീയതി/തുക:<br>20050752008500046073/11-04-20/<br>199892 | 11 | 2618 | 471 |
| 8 | തുരുത്തിക്കാട്ട് പടി - ആലുംതുരുത്തി ക്ഷേത്രം റോഡ് റീടാറിംഗ് (63/20, 146/21)<br>അടങ്കൽ തുക: 450000 (MG Road)<br>കരാറുകാരൻ : C.V.മാത്യു | 17 | 4046 | 728 |

| | | | | |
|---|---|---|---|---|
| | ഫൈനൽ ബിൽ നം./തീയതി/തുക: 20050752008500552037/24-09-20/ 438493 | | | |
| 9 | മഠത്തിലോട്ട് പടി ഇരിച്ചിപ്പുറം റോഡ് റീടാറിംഗ് (193/20, 181/21)<br>അടങ്കൽ തുക: 400000 (DF Gl.)<br>കരാറുകാരൻ : ബിനോയ്.V.P<br>ഫൈനൽ ബിൽ നം./തീയതി/തുക: 20050752008501372043/26-03-21/ 399847 | 20 | 4760 | 857 |
| 10 | പതിനഞ്ചിൽപ്പടി പ്ലാംതോട്ടത്തിൽപ്പടി റോഡ് പുനരുദ്ധാരണം (59/21)<br>അടങ്കൽ തുക: 260000 (CFC)<br>കരാറുകാരൻ : ബിനോയ്.V.P<br>ഫൈനൽ ബിൽ നം./തീയതി/തുക: 20050752008501418048/29-03-21/ 259729 | 7 | 1666 | 300 |
| 11 | സി.എസ്.ഐ പള്ളിപ്പടി കാരയ്ക്കൽ കരയോഗ മന്ദിരം റോഡ് പുനരുദ്ധാരണം (22/21)<br>അടങ്കൽ തുക: 482600 (CFC)<br>294000 (Own)<br>776600<br>കരാറുകാരൻ : ബിനോയ്.V.P<br>ഫൈനൽ ബിൽ നം./തീയതി/തുക: 20050752008501418059/29-03-21/ 482600<br>ചെക്ക് നം.673057/10-11-21/93395/- | 21 | 4998 | 900 |
| | ആകെ | 140 | 33320 | 5999 |

ടി 33320 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 5999 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക വരുത്തുന്നതിനായി ഓഡിറ്റ് എൻക്വയറി (17/21-02-22) മുഖേന ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ നില നിൽക്കുന്ന പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ (പി) നം.13/2012 /PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997

ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000 രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000 രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് വ്യക്തതയില്ല. ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ പിഴയീടാക്കുന്നത് മാന്വൽ അനുസരിച്ചോ ടി ഉത്തരവ് അനുസരിച്ചോ അല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം എത്ര തന്നെയായലും കരാർ തുകയുടെ 1% മാത്രമാണ് ഭൂരിപക്ഷം പ്രവൃത്തികളിലും പിഴയായി ഈടാക്കുന്നത്. ചില പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഗവ.എൽ.പി.എസ് ചാത്തങ്കരി (150/19, 133/20)<br>കരാറുകാരൻ : സുബി.V.S<br>എഗ്രിമെന്റ് നം./ തീയതി : 54/AE/LSGD/PER/18-19/ 08-03-19<br>PAC: 399973<br>പ്രവൃത്തിയുടെ കാലാവധി : 5മാസം<br>ആരംഭിച്ച തീയതി : 08-03-19<br>പൂർത്തീകരിച്ച തീയതി: 04-10-19<br>ഫൈനൽ ബിൽ നം./ തീയതി : 19050752008500987030/24-12-19<br>തുക 308115 | 08-08-19 മുതൽ 14-09-19 വരെ<br>15-09-19 മുതൽ 04-10-19 വരെ<br>ആകെ | 3999<br>4266<br>8265 | 3081 | 5184 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 2. | ഇടിഞ്ഞില്ലം ഗവ.എൽ.പി.എസ് മെയിന്റനൻസ് (149/19, 132/20)<br>കരാറുകാരൻ : അനിൽ. V.വർഗ്ഗീസ് | 08-08-19 മുതൽ 14-09-19 വരെ | 4947 | 4224 | 3098 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രിമെന്റ് നം./ തീയതി :<br>55/AE/LSGD/PER/18-19/<br>08-03-19<br>PAC : 494688<br>പ്രവൃത്തിയുടെ കാലാവധി : 5മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി :<br>08-03-19<br>പൂർത്തീകരിച്ച തീയതി:<br>23-09-19<br>ഫൈനൽ ബിൽ നം./ തീയതി :<br>19050752008500987029/<br>24-12-19 | 15-09-19<br>മുതൽ<br>23-09-19<br>വരെ | 2375 | | | |
| | തുക 422438 | ആകെ | 7322 | | | |
| 3. | PMV സ്കൂൾ ടോയിലറ്റ് നിർമ്മാണം<br>(150/20, 160/21)<br>കരാറുകാരൻ :<br>യോഹന്നാൻ P.C<br>എഗ്രിമെന്റ് നം./തീയതി :08/AE<br>/LSGD/PER/19-20/<br>28-11-19<br>PAC: 259114<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 28-11-19<br>പൂർത്തീകരിച്ച തീയതി:<br>25-05-20<br>ചെക്ക് നം. /തീയതി :<br>0508459/16-09-20<br>തുക 235994 | 28-02-20<br>മുതൽ<br>22-03-20<br>വരെ | 2591 | 0 | 7773 | ഫൈൻ ചുമത്തിയില്ല. |
| | | 23-03-19<br>മുതൽ<br>13-03-20<br>വരെ | 5182 | | | |
| | | ആകെ | 7773 | | | |
| 4 | SNDP സ്കൂൾ ടോയിലറ്റ് നിർമ്മാണം<br>(152/20, 161/21)<br>കരാറുകാരൻ :<br>യോഹന്നാൻ P.C<br>എഗ്രിമെന്റ് നം./തീയതി :11/AE<br>/LSGD/PER/19-20/<br>28-11-19<br>PAC: 259114<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 28-11-19<br>പൂർത്തീകരിച്ച തീയതി:<br>25-05-20<br>ചെക്ക് നം. /തീയതി :<br>0508458/16-09-20<br>തുക 239183 | 28-02-20<br>മുതൽ<br>22-03-20<br>വരെ | 2591 | 0 | 7773 | ഫൈൻ ചുമത്തിയില്ല. |
| | | 23-03-19<br>മുതൽ<br>13-03-20<br>വരെ | 5182 | | | |
| | | ആകെ | 7773 | | | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ആല്ലം ഉരുത്തി ഗവ.എൽ.പി.എസ് മെയിന്റനൻസ്<br>(157/20, 163/21)<br>കരാറുകാരൻ : C.V.മാത്യൂ<br>എഗ്രിമെന്റ് നം./ തീയതി :20/AE /LSGD/PER/19-20/ 04-12-19<br>PAC: 169274<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 04-12-19<br>പൂർത്തീകരിച്ച തീയതി: 29-05-20<br>ഫൈനൽ ബിൽ നം./ തീയതി : 20050752008500526626/ 16-09-20<br>തുക 169273 | 04-03-20 മുതൽ 26-03-20 വരെ<br>27-03-20 മുതൽ 17-04-20 വരെ<br>ആകെ | 1693<br>3386<br>5079 | 1693 | 3386 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| | | | 36212 | 8998 | 27214 | |

കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24-02-2012) അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ തദ്ദേശ സ്ഥാപനത്തിന് ലഭിക്കേണ്ട തുക കൃത്യതയോടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണ്ടേതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പിഴയീടാക്കുന്നതിന് അവലംബിക്കേണ്ടത് പൊതുമരാമത്ത് മാന്വൽ തന്നെയാണോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

## 1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ബ്ലോക്ക്-ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചെങ്കിലും (S0076/21), വകയിരുത്തിയ തുക ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ പൂർണ്ണമായി നൽകാതിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (1,00,000 രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതം (2,00,000 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതം (4,20,000 രൂപ) ഉൾപ്പെടെ 7,20,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി 1,50,000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1,15,500 രൂപയും മാത്രമാണ് ലഭ്യമായത്. വകയിരുത്തിയ മുഴുവൻ തുകയും (7,20,000) ലഭിക്കാതിരുന്നതിനാൽ 3,65,500 മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ സാമ്പത്തിക വർഷത്തിലെ മുഴുവൻ മാസങ്ങളിലും ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

സംയുക്ത പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വകയിരുത്തുന്ന തുക യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് അർഹമായ പരമാവധി ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

### 1. കോവിഡ് കെയർ സെൻററുകൾ

പെരിങ്ങര ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഉത്തരവുകൾ പ്രകാരം കോവിഡ് കെയർ സെൻററുകൾ ആരംഭിക്കുകയുണ്ടായി. ബഹു. പത്തനംതിട്ട ജില്ലാ ദുരന്തനിവാരണഅതോറിട്ടി ചെയർമാൻ & ജില്ലാ കളക്ടർ ഏറ്റെടുത്തു നൽകിയ പെരിങ്ങര ഹാപ്പി ഹോം, പുഷ്പഗിരി മെഡിസിറ്റി ആശുപത്രി ലേഡീസ് ഹോസ്റ്റൽ, പെരുംതുരുത്തി, ചാത്തങ്കേരി മുക്കാട്ട് ഹോം 22.05.2020 ൽ ബഹു. ജില്ലാ കളക്ടർ ഏറ്റെടുത്തു നൽകിയ മാർത്തോമ കോളേജ് ന്യൂ വിമൻസ് ഹോസ്റ്റൽ എന്നിവയായിരുന്നു കോവിഡ് കെയർ സെൻററുകൾ. വിദേശത്തു നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള ക്വാറന്റൈൻ

സൗകര്യം ഒരുക്കുക എന്നതായിരുന്നു കോവിഡ് കെയർ സെൻററുകളുടെ പ്രവർത്തന ലക്ഷ്യം. ഈ ക്വാറന്റൈൻ കാലയളവിൽ സർക്കാർ നിർദ്ദേശ പ്രകാരം കോവിഡ് പരിശോധന നടത്തുകയും പോസിറ്റീവാകുന്നവരെ ആരോഗ്യവകുപ്പിന്റെ നിർദ്ദേശ പ്രകാരം സിഎഫ്എൽറ്റിസിയിലേക്കോ/ആശുപത്രിയിലേക്കോ മാറ്റി ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്തിരുന്നു.

ഈ കോവിഡ് കെയർ സെന്ററുകളിൽ ക്വാറന്റൈനിൽ കഴിയുന്നവർക്കും ജീവനക്കാർക്കുമുള്ള ഭക്ഷണം, കുടിവെള്ളം, ശുചീകരണ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യം ഒരുക്കൽ, ശുചീകരണ തൊഴിലാളികളുടെ ശമ്പളം എന്നിവയ്ക്കുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നും ആണ് നൽകിയിരുന്നത്.

08/07/2020 ലെ ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ ഡിസിപിറ്റിഎ/1185/2020 ലെ ഡിഎം5 നമ്പർ ഉത്തരവ് പ്രകാരം പുഷ്പഗിരി മെഡിസിറ്റിയിലെ കോവിഡ് കെയർ സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ്. 20/11/2020 ലെ ഉത്തരവു പ്രകാരം ഹാപ്പി ഹോം, മുക്കാട്ട് വീട്, ചാത്തങ്കേരി, മർത്തോമ കോളേജ് ന്യൂ ഹോസ്റ്റൽ എന്നിവിടങ്ങളിലെയും കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ്. സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതി രൂപീകരിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത് (പ്രോജക്ട് നമ്പർ 233)

കോവിഡ് കെയർ സെന്ററുകളുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ചെലവായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കോവിഡ് കെയർ സെന്ററുമായി ബന്ധപ്പെട്ട് 816123 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 263116 രൂപ ഡിഡിഎംഎ യിൽ നിന്നും അനുവദിച്ചു കിട്ടിയിട്ടുള്ളതാണ്.

| ആവശ്യ സാധനങ്ങൾക്കായി ചെലവ് ചെയ്ത തുക | ആഹാരം | സാലറി | ആകെ | ഡി.ഡി.എം.കെ. അനുവദിച്ചു തന്നത് |
|---|---|---|---|---|
| 85793 | 329420 | 400910 | 816123 | 263116 |

2. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻറർ പ്രവർത്തനങ്ങൾ

കോവിഡ് 19 രോഗം സ്ഥിരീകരിക്കപ്പെട്ട രോഗികളിൽ കാര്യമായ രോഗലക്ഷണം ഇല്ലാത്തവരും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തവരുമായ രോഗികളെ പ്രവേശിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ വൈദ്യ സഹായവും പരിചരണവും നൽകുന്നതിനുമായി സർക്കാർ നിർദ്ദേശപ്രകാരം പ്രിൻസ് മാർത്താണ്ഡവർമ്മ സ്കൂൾ ആഡിറ്റോറിയം ഏറ്റെടുത്ത് സിഎഫ്എൽറ്റിസി സർക്കാർ മാനദണ്ഡപ്രകാരം സജ്ജീകരിച്ചിരുന്നുവെങ്കിലും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. സിഎഫ്എൽറ്റിസി സജ്ജീകരിക്കുന്നതിന് ആകെ 898591 രൂപ ചെലവായിട്ടുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്ന സിഎഫ്എൽറ്റിസി കളുടെ പ്രവർത്തനം 31/12/2020 ന് മുമ്പ് അവസാനിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ടി സ്ഥാപനത്തിൻറെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം പദ്ധതി വച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. (പ്രോജക്ട് നമ്പർ 235)

കോവിഡ് വരവ് ചെലവുകൾ നടത്തുന്നതിനായി ഒരു സ്പെഷ്യൽ ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ട്രഷറി അക്കൗണ്ട് നമ്പർ 799011400005942 . സിഎഫ്എൽറ്റിസി യുടെ സജ്ജീകരണത്തിനായി 500000 രൂപ ഡിഡിഎംഎ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്.

| ആവശ്യ സാധനങ്ങൾക്കായി ചെലവ് ചെയ്ത തുക | ആഹാരം | സാലറി | ആകെ | ഡി.ഡി.എം.കെ. അനുവദിച്ചു തന്നത് |
|---|---|---|---|---|
| 717191 | 0 | 182200 | 899391 | 500000 |

3. ഡോമിസൈൽ കെയർ സെന്റർ

ബഹു. പത്തനംതിട്ട ജില്ലാ കളക്ടർ & ജില്ലാ ദുരന്ത നിവാരണ സമതി ചെയർമാന്റെ 10/05/2021 തീയതിയിലെ ഉത്തരവ് പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിലെ വേങ്ങൽ സിഎച്ച്സി സബ് സെന്റർ കെട്ടിടത്തിൽ ഡോമിസൈൽ കെയർ സെന്റർ ആരംഭിക്കുകയും 09/10/2021 തീയതിയിൽ ടി ഡോമിസൈൽ കെയർ സെന്ററിന്റെ പ്രവർത്തനം താത്കാലികമായി പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

| ആവശ്യ സാധനങ്ങൾക്കായി ചെലവ് ചെയ്ത തുക | ആഹാരം | സാലറി | ആകെ | ഡി.ഡി.എം.കെ. അനുവദിച്ചു തന്നത് |
|---|---|---|---|---|
| 74513 | 75510 | 230800 | 380823 | 0 |

## 1-26 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്റ്റ് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (S0093/21) | കേരള വാട്ടർ അതോറിറ്റി | 14,60,000 | ഇല്ല |
| 2 | പെരിങ്ങര ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ്-വൈദ്യുതി ലൈൻ നീട്ടൽ (S0108/21)-സ്പിൽ ഓവർ | കെ.എസ്.ഇ.ബി. | 3,65,449 | 3,65,449 |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി ഏർപ്പെടുന്ന കരാർ വ്യവസ്ഥകൾ പാലിക്കപ്പെടാറില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തിക്ക് പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാറില്ല.

2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 45,74,551 |
| 2 | കേരള വാട്ടർ അതോറിറ്റി | 48,66,000 |

വിവിധ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ബന്ധപ്പെട്ട ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. തുകകൾ ക്രമീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 32,29,501 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലാ പഞ്ചായത്ത്- 24,38,126 രൂപ

ബ്ലോക്ക് പഞ്ചായത്ത്- 7,91,375 രൂപ

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല. ജില്ലാപഞ്ചായത്തിൽ നിന്നും 2017 മുതൽ ലഭിച്ച തുകയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2014 മുതൽ ലഭിച്ച തുകയും ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഗ്രാന്റിനത്തിൽ അക്കൗണ്ട് ചെയ്യപ്പെടുന്ന തുകകളിൽ ചെലവ് കൃത്യമായി രേഖപ്പെടുത്തി അക്കൗണ്ടിൽ കുറവ് വരുത്താത്ത കാരണത്താലും ഇപ്രകാരം തുക അവശേഷിക്കാറുണ്ട്. യഥാർത്ഥത്തിൽ ചെലവഴിക്കാതിരുന്നതാണോ, അക്കൗണ്ടിൽ സംഭവിച്ച പിശകുമൂലമാണോ ഇപ്രകാരം തുക അവശേഷിക്കാൻ ഇടയാക്കിയത് എന്നത് സംബന്ധിച്ച കൃത്യമായ ബോധ്യം പഞ്ചായത്തിന് ഇല്ല. അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടേണ്ടതും തുക ക്രമപ്പെടുത്തേണ്ടതുമാണ്.

## 1-28 സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ല

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കേസുകളുടെ രജിസ്റ്റർ സംബന്ധിച്ച രജിസ്റ്ററിൽ 1998-99 മുതലുള്ള കേസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പല കേസുകളിലെയും കേസ് നടത്തിപ്പിനായി പഞ്ചായത്ത് വക്കീലിനെ അധികാരപ്പെടുത്തിയതായോ, കേസിന്റെ തുടർ പുരോഗതിയോ സംബന്ധിച്ച യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഉദാ. 2019-20-ലെ സ്യൂട്ട് നം. WP(C) 12527/20, WP(C) 12734/20, 2020-21-ലെ സ്യൂട്ട് നം. WP(C)618/21, WP(C)3360/21, WP(C) 3964/21, WP(C) 4012/21, OS

83/21, 2001-02-ലെ സ്യൂട്ട് നം. OS No.88, 2002-03 -ലെ OS No. 323/02, OS No. 286/97, WP No.11703/05 Etc.

2. രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ റിമാർക്ക്സ് കോളത്തിൽ Dispoded/Judgement എന്ന മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എങ്ങനെ കേസ് തീർപ്പായെന്നോ ആർക്ക് അനുകൂലമായി വിധി വന്നുവെന്നോ രേഖപ്പെടുത്തലുകളില്ല. ഉദാ. സ്യൂട്ട് നം.WP(C) 4888/20, 17463/20, OP.312/07, WP(C) No.6551/2007 Etc.

3. ചുവടെ ചേർത്തിരിക്കുന്ന കേസുകളുടെ നിലവിലെ അവസ്ഥ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്യൂട്ട് നം. | എതിർ കക്ഷി | വിഷയം |
|---|---|---|---|
| 1 | OS 88/19 | ലീലാമ്മ തേവാരിൽ | വഴി നിർമ്മിക്കുന്നത് സംബന്ധിച്ച് |
| 2 | WP(C) 13126/19 | ജി. പത്മാമണിയമ്മ | പുതുക്കാട്ടുപടി മലയിൽപ്പടി റോഡ് |
| 3 | 766/19 | പ്രമോദ് R. | ഓംബുഡ്സ്മാൻ മുൻപാകെ സമർപ്പിച്ച പരാതി |
| 4 | OS 119/20 | ഷീന എലിസബത്ത് | റോഡ് നിർമ്മാണം വസ്തു കൈയ്യേറി എന്നതു സംബന്ധിച്ച് |
| 5 | WP(C) 12527/20 | ജോസഫ് ജോൺ | വിഷയം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | WP(C) 12734/20 | K.P. വിജയൻ | വിഷയം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | WP(C) 618/21 | സന്തോഷ് ബി. | കോടതിയലക്ഷ്യം (Judgement No. 22/12/20 In WP(C) 17463/20) |
| 8 | WP(C) 3360/21 | K.P.വിജയൻ | പെർമിറ്റ് സംബന്ധിച്ച് |
| 9 | WP(C) 3964/21, WP(C) 4012/21 | രാധാകൃഷ്ണൻനായർ T.S. | മൊബൈൽ ടവർ പെർമിറ്റ് സംബന്ധിച്ച് |
| 10 | OS 83/2021 | കുമാരൻ നാരായണ് ഷാജി V.K. | വിഷയം രേഖപ്പെടുത്തിയിട്ടില്ല |
| 11 | OS 27/18 | P.S. ശിവൻകുട്ടി | വഴി വെട്ടുന്നത് സംബന്ധിച്ച് |
| 12 | OS 49/18 | P.S. ശിവൻകുട്ടി | വഴി നിർമ്മിക്കുന്നത് സംബന്ധിച്ച് |
| 13 | OS 88/18 | ലീലാമ്മ | വഴി നിർമ്മിക്കുന്നത് സംബന്ധിച്ച് |
| 14 | WP(C) 9136/2017 | Dr. K.K. ഗോപിനാഥൻ | വയൽ നികത്തി കെട്ടിട നിർമ്മാണം |
| 15 | WP(C) 24150/17(P) | T.K. വിനോദ് കുമാർ | M.C. റോഡിന്റെ ഭാഗത്ത് സർവ്വേ നം.214/5-1, 5-2, 6-2 ഉൾപ്പെട്ട സ്ഥലത്ത് നടത്തിയ അനധികൃത നിർമ്മാണം |
| 16 | WP(C) 8107/17 | സോളി ജോർജ്ജ് | നിലം പുരയിടം തരം മാറ്റൽ |
| 17 | WP(C) 894/17 | അശോക് കുമാർ | നിലം പുരയിടം തരം മാറ്റൽ |
| 18 | WP(C) 20543/17, | ജോർജ്ജ് ചെറിയാൻ | നെൽവയൽ പുരയിടം തരം മാറ്റൽ |

| | | | |
|---|---|---|---|
| | 20826/17, 20539/17 | | |
| 19 | WP(C) 11503/15 | കുഞ്ഞുമോൾ ചാക്കോ | വ്യാജരേഖകൾ ചമച്ച് വസ്തു കൈവശം വച്ചിരിക്കുന്നത് തിരികെ ഈടാക്കുന്നതിന് |
| സ്യൂട്ട് രജിസ്റ്ററിലെ ഫയൽ നം. 2123/18-2151/18 വസ്തു നികുതിയുമായി ബന്ധപ്പെട്ട കേസുകൾ | | | |

4. കേസ് ഫയൽ നം. 163/2011 സ്യൂട്ട് നം 163/2011 ൽ പരാതിക്കാർ ജേക്കബ് അലക്സാണ്ടർ & വി.ജെ. റോസമ്മ എതിർ കക്ഷി ഔസേപ്പ് മാർക്കോസ് എന്നിവർ 09.03.2015 ൽ പഞ്ചായത്തിനെ കക്ഷി ചേർത്തു. എന്നാൽ Ex Parte ആയി വിധി ഉത്തരവായി. (പഞ്ചായത്ത് ഈ കേസിനുവേണ്ടി വക്കാലത്ത് ഏർപ്പെടുത്തിയെങ്കിലും വക്കാലത്ത് ഫീസ് നൽകിയിരുന്നില്ലായെന്നാണ് രേഖപ്പെടുത്തൽ). തദ്ദേശ സ്ഥാപനത്തിന്റെ ഉപേക്ഷ മൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016 ലെ സർക്കുലർ നം.1068103(3)ഡി.എ.2/2016 ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

5. സ്യൂട്ട് നം.OS 22/2017, OS 23/2017 - മേപ്രാൽ-ചെറുകര ബംഗ്ലാവ് സെന്റ് ജോൺസ് എൽ.പി സ്കൂൾ സൈഡിലൂടെയുള്ള വഴി സംബന്ധിച്ച് ശ്രീമതി മോളി പുന്നൻ കണിയാന്തറയുമായുള്ള കേസുകളിൽ അപ്പീൽ സമർപ്പിക്കുന്നത് വൈകിയതുമൂലം കോടതിയിൽ 2000 രൂപ അടവാക്കി. ഇപ്രകാരം കേസ് തുടർനടത്തിപ്പിലെ വീഴ്ച മൂലം അടവാക്കേണ്ടി വന്ന 2000 രൂപ ഉത്തരവാദിത്തപ്പെട്ടവരുടെ ബാദ്ധ്യതയായി നിർണ്ണയിക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്റർ പരിപാലനത്തിലെ പിഴവിലും കേസ് തുടർ നടത്തിപ്പിലുള്ള സൂക്ഷ്മതക്കുറവിനും സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/18.02.2022) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-29 സിഡിഎസിനു തുക കൈമാറിയെങ്കിലും ബാലസഭാ പ്രവർത്തനം നടത്തിയില്ല

ഗ്രാമപ്പഞ്ചായത്തിലെ ബാലസഭാ പ്രവർത്തനങ്ങൾക്കായി 2020-21ൽ ആവിഷ്കരിച്ച 09/2020-21-ാം നമ്പർ പ്രോജക്ട് പ്രകാരം 50000 രൂപ 10.10.2020ൽ സിഡിഎസിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ബാലസഭാ പ്രവർത്തനം നടന്നിട്ടില്ല. നടക്കാത്ത പ്രോജക്ടിനുവേണ്ടിയാണ് വികസനഫണ്ട് പിൻവലിച്ചത്. തുക ബാങ്ക് അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്.

ചെലവ് മുൻകൂട്ടിക്കണ്ടു കൊണ്ട് ട്രഷറിയിൽ നിന്ന് വികസനഫണ്ട് പിൻവലിക്കാൻ പാടില്ലായെന്ന് ധനവിനിയോഗ മാർഗ്ഗരേഖ [ജി.ഒ.(പി) നം.177/2006തീയതി 12.04.2006] യുടെ ഖണ്ഡിക 6.1 ൽ നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഫണ്ട്, ബാലസഭാ പ്രവർത്തനത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-30 സഞ്ചയയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് [നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കൽ] പ്രകാരം ചില കെട്ടിടങ്ങളെയും ഭൂമികളെയും 203-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള കെട്ടിടത്തെ ഇതിൽ ഏത് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയാണ് നികുതി ഒഴിവാക്കിയിരിക്കുതെന്ന് സഞ്ചയ പരിശോധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല.

| ക്രമ നം., | കെട്ടിട ഉടമയുടെ മേൽവിലാസം | കെട്ടിടത്തിന്റെ വിവരം | വാർഡ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1. | സി എസ് ഐ ഡേ കേയർ | ഡേ കേയർ | VIII | 34 | 135 ച.മീ. |
| 2. | അലക്സാണ്ടർ കെ വൈ & ബീന തോമസ് | | VII | 321/A | 9.4 ച.മീ. |
| 3. | സനൽകുമാർ ഇ കെ | | VIII | 196/A | 10 ച.മീ. |

| | | | | | |
|---|---|---|---|---|---|
| 4. | P.C.ജോർജ്ജ് & അന്നമ്മ ജോർജ്ജ് | | IX | 228/A | 13 ച.മീ. |
| 5. | സാം ഈപ്പൻ | | XII | 494 | 6 ച.മീ. |

മേൽ പട്ടിക പ്രകാരമുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഏതിന്റെ അടിസ്ഥാനത്തിലാണ് ഒഴിവാക്കിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (21/23.02.2022) ചുവടെ ചേർക്കും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

കെട്ടിട നം. 8/34- സി എസ് ഐ ഡേകെയർ - പെരിങ്ങര ഗ്രാമ പഞ്ചായത്തിൽ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സി എസ് ഐ പള്ളിയുടെ ഭാഗമായുള്ള അനുബന്ധ കെട്ടിടത്തിൽ ഡേകെയർ പ്രവർത്തിച്ചിരുന്നതും, നിലവിൽ 2018/19 സാമ്പത്തിക വർഷം മുതൽ ടി കെട്ടിടം മേൽപ്പറഞ്ഞ ഉപയോഗ ക്രമത്തിൽ പ്രവർത്തനം നടത്തി വരാത്തതും നിലവിൽ ആരാധാനാലയത്തിൻറെ ഭാഗമായി തന്നെ ഉപയോഗിച്ച് വരുന്നതുമാണ്. നിലവിൽ ആരാധന ഉള്ള ദിവസങ്ങളിലും ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ പോളിംഗ് ബൂത്തായും, ഗ്രാമസഭ എന്നിവ നടക്കുമ്പോഴും മാത്രമാണ് ടി കെട്ടിടം പ്രവർത്തനം നടക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

കെട്ടിട നം. 7/321 എ - പെരിങ്ങര ഗ്രാമ പഞ്ചായത്തിൽ 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന അലക്സാണ്ടർ കെ വൈ, ബീന തോമസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായതിനാൽ റേഷൻ കാർഡിൻറെ ആവശ്യത്തിലേക്ക് നമ്പരിട്ട് നൽകിയ ഷെഡ്ഡാണ്. നിലവിൽ ടി കെട്ടിട പൊളിച്ച് മാറ്റിയിട്ടുള്ളതും പുതിയ കെട്ടിടം നിർമ്മിച്ച് 7/321 ബി നമ്പർ നൽകിയിട്ടുള്ളതുമാണെന്നും. കെട്ടിട നം. 8/196 എ, 9/228 എ, 12/494 എ - മേൽ കെട്ടിടങ്ങൾ കാർഷിക ആവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങളാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

നികുതി, ഉപനികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ ആയത് സംബന്ധിച്ച് കെട്ടിടത്തിൻറെ ഉപയോഗ ക്രമം കൃത്യമായി രേഖപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട സെക്ഷൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0051/21) | 2,00,000 | -- |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0076/21) | 1,50,000 | |
| ജില്ലാ പഞ്ചായത്ത് | 1,15,500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0076/21) | 1,15,500 | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2,14,382 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0110/21) | 2,14,382 | |
| ജില്ലാ പഞ്ചായത്ത് | 8,00,000 | സാന്ത്വന പരിചരണം (എസ്.0016/21) | 8,00,000 | |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ആശ്രയ പദ്ധതി (എസ്.0107/21) | 1,00,000 | |
| ജില്ലാ പഞ്ചായത്ത് | 39,60,100 | സമഗ്ര നെൽകൃഷി വികസനം (എസ്.0078/21) | 39,60,100 | |
| ജില്ലാ പഞ്ചായത്ത് | 43,23,732 | സമഗ്ര നെൽകൃഷി വികസനം (എസ്.0113/21) | 43,23,732 | |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | സമഗ്ര നെൽകൃഷി വികസനം (എസ്.0113/21) | 5,00,000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | പദ്ധതിയുടെ പേര് (പ്രോജക്റ്റ് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (S0093/21) | കേരള വാട്ടർ അതോറിറ്റി | 14,60,000 | ഇല്ല |
| 2 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ്-വൈദ്യുതി ലൈൻ നീട്ടൽ (S0108/21)-സ്പിൽ ഓവർ | കെ.എസ്.ഇ.ബി. | 3,65,449 | 3,65,449 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2,83,837 | ഇല്ല | 2,83,837 | 3,22,118 | -- | (-) 38281 |

വാർഷിക ധനകാര്യപത്രിക പ്രകാരം ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നില്ല. ലോൺ തുകയിലും അധികമായി 2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും തുക സർക്കാർ കുറവ് ചെയ്തിട്ടുണ്ട് (ഖണ്ഡിക 1-12 കാണുക).

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 9,94,70,502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,15,05,964 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1. | 1999-00 | എൽ.എഫ്.പി.റ്റി.എ. പി4 -198/03<br>തീയതി 16.08.03/12.12.04 | 3-35, 3-36, 3-38,<br>3-40, 3-41, 3-43 |
| 2. | 2000-01 | എൽ.എഫ്.പി.റ്റി.എ. പി4 -199/03<br>തീയതി 08.10.2004 | 3-61, 3-65, 3-67,<br>3-68 |
| 3. | 2001-02 | എൽ.എഫ്.പി.റ്റി.എ. പി4 -687/03<br>തീയതി 05.04.02/02.08.04 | 1-5 |
| 4. | 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03<br>തീയതി 13.11.06/26.03.07 | 10, 11, 12, 13, 14, 3 (ഡി) |
| 5. | 2003-04<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07<br>തീയതി 31.03.08/15.05.08 | 2-1, 2-3, 2-4(1), 2-9 |
| 6. | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08<br>തീയതി 30.06.09 | 2-2, 3-1, 3-4,<br>3-5, 3-7, 3-8 |
| 7. | 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08<br>തീയതി 22.06.09 | 2-2, 3-1, 3-3,<br>3-4, 3-5(1),<br>3-5(2), 3-6,<br>3-8, 3-9, 3-10 |
| 8. | 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/<br>തീയതി 04.08.09 | 2-3, 2-4, 3-4,<br>3-5, 3-6, 3-7,<br>3-10, 3-11, 3-12,<br>3-13, 3-15, 3-18 |
| 9.. | 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11<br>തീയതി 05.08.11 | 2-1, 2-2, 2-7,<br>2-7(2), 3-2, 3-5,<br>3-6, 3-7, 3-8,<br>3-9, 3-10, 3-11,<br>3-12, 3-13, 3-14,<br>3-15, 3-16, 3-17,<br>3-18, 3-19 |
| 10. | 2009-10 &<br>2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13<br>തീയതി 11.09.13/03.05/14 | 3-2, 3-5, 3-6,<br>3-7, 3-8, 3-9,<br>3-10, 3-11, 3-12,<br>3-13, 3-14, 3-15,<br>3-16, 3-17, 3-18 |
| 11. | 2011-12 | എൽ.എഫ്.പി.റ്റി.എ.പി11-426/13<br>തീയതി 11.09.13/03.05/14 | 1-1, 2-3(എ),<br>2-3(ബി), 3-1,<br>3-2(ബി), 3-4(2),<br>3-9, 3-11 |
| 12. | 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14<br>തീയതി 16.01.15/09.02.15 | 2-2, 3-1, 3-4,<br>3-5, 3-7, 3-8 |
| 13. | 2013-14,<br>2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15<br>തീയതി 04.12.15/08.12.15 | 2-2, 2-3, 2-4,<br>2-5, 2-6, 3-5(1),<br>3-5(2), 3-11 |
| 14. | 2015-16 | കെ.എസ്.എ.പി.റ്റി.എ പി.4- 1380/16<br>തീയതി 12.01.2017 | 1-4, 2-1, 2-2,<br>2-3, 2-5, 2-6,<br>2-7, 3-1, 3-2,<br>3-5, 3-7, 3-10,<br>3-11, 3-12, 3-13, |

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| | | | 3-15(1),(2), 3-16, 3-17, 3-18, 3-19 |
| 15. | 2016-17 | കെ.എസ്.എ.പി.റ്റി.എ പി.4- 824/17 തീയതി 04.08.2017 | 2-2, 3-2, 3-5, 3-6, 3-8(1), 3-8(2), 3-8(3), 3-8(4), 3-9, 3-10, 3-12 |
| 16. | 2017-18 | കെ.എസ്.എ.പി.റ്റി.എ പി.4-99/19 തീയതി 20.02.2019 | 2-1, 2-2, 2-3, 3-2, 3-4, 3-5, 3-7 |
| 17. | 2018-19 | കെ.എസ്.എ.പി.റ്റി.എ പി.4-715/19 തീയതി 08.08.2019 | 2-2, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-8, 3-9, 3-12, 3-13, 4-1, 4-7, 4-9, 4-10 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്